നമ്പർ ജി2- 10052/2016

ജയിൽ ആസ്ഥാന കാര്യാലയം
തിരുവനന്തപുരം
തീയതി : 01-06-2016

**സർക്കുലർ 47/2016**

വിഷയം :- ജയിലുകൾ- ജയിലുകളിൽ അന്തേവാസികൾക്ക് വേണ്ടി സാക്ഷരതാ ക്ലാസ് നടത്തുന്നത് -സംബന്ധിച്ച്

സൂചന :- 2014 ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗീകരണ സേവനങ്ങളും (നിർവ്വഹണം) ചട്ടങ്ങൾ റൂൾ 258 (7).

സൂചനയിൽ പരാമർശിച്ചിട്ടുള്ള ജയിൽ ചട്ടങ്ങൾ അനുസരിച്ച് നിരക്ഷരരായ എല്ലാ തടവുകാരേയും സാക്ഷരരാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. പല ജയിലുകളിലും സന്നദ്ധ സംഘടനകളുടെയും സാക്ഷരതാ മിഷന്റെയും സഹായ ത്തോടെ സാക്ഷരതാ പ്രവർത്തനം വളരെ വിജയകരമായി നടപ്പിലാക്കി വരുന്നുണ്ട്. എന്നാൽ ചില ജയിലുകളിൽ സാക്ഷരതാ പ്രവർത്തനം ആരംഭിച്ചെങ്കിലും മുടങ്ങിപ്പോയിട്ടുണ്ട്. നിലവിൽ സാരക്ഷതാ പ്രവർത്തനം നടന്നുവരാത്ത ജയിലുകൾ ടി വിവരം അഞ്ച് ദിവസത്തിനകം ജയിൽ ആസ്ഥാന കാര്യാലയത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതും സന്നദ്ധ സംഘടനകളുടെയും മറ്റും സഹായത്തോടെ ജയിലിൽ നിരക്ഷരരായ അന്തേവാസികളെ സാക്ഷരരാക്കുന്നതിനുള്ള വിദ്യാഭ്യാസ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്. റീജിയണൽ വെൽഫെയർ ഓഫീസർമാർ ജയിലുകളിൽ സാക്ഷരതാ പ്രവർത്ത നങ്ങൾ ആരംഭിക്കുന്നതിനും സജീവമായി നിലനിർത്തുന്നതിനും പ്രത്യേകം ശ്രദ്ധ നൽകേണ്ടതാണ്.

ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് &
കറക്ഷണൽ സർവ്വീസസ്

എല്ലാ ജയിൽ സൂപ്രണ്ടുമാർക്കും

പകർപ്പ് :-

1) ഡി.ഐ.ജി ഓഫ് പ്രിസൺസ്, ഉത്തര മേഖല/മദ്ധ്യമേഖല/ ദക്ഷിണ മേഖല
2) റീജിയണൽ വെൽഫെയർ ഓഫീസർ, ഉത്തര മേഖല/മദ്ധ്യമേഖല/ ദക്ഷിണ മേഖല/സൂപ്രണ്ട് ജനറൽ സെക്ഷൻ/ ഫയൽ /കരുതൽ ഫയൽ

TS